بسم الله الرحمن الرحيم

# പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

## വെള്ളിയാഴ്ച ഖുത്തുബ

*16 March 2012 ~ 22 Rabi'ul Aakhir 1433 Hijri*

## ഹസ്രത്ത് ഖലീഫത്തുല്ല, അൽമസീഹുൽ മൗഊദ് മുനീർ അഹ്മദ് അസീം(അ)

### (വെള്ളിയാഴ്ച ഖുത്തബയുടെ സംഗ്രഹം)

ഭൂമുഖത്തുള്ള തന്റെ മുസ്ലിം സഹോദരങ്ങൾക്കെല്ലാം സമാധാനശംകൾ അർപ്പിച്ചശേഷം ഹസ്രത്ത് മുഹ്യിദീൻ(അ) തശഹ്ഹുദ് , തഅ്വ്വദ്, സൂറ അൽഫാത്തിഹ എന്നിവ ഓതിയശേഷം, അദ്ദേഹം പറഞ്ഞു.

ഇൻഷാ അല്ലാഹ് അടുത്ത വെള്ളിയാഴ്ച മാർച്ച് 23 മസീഹ് മൗഊദ് ദിനമായി ആചരിക്കുക യാണ്. ഈ സന്ദർഭത്തിൽ ഞാൻ മസീഹ് മൗഊദ് (അ) ന്റെ ചെറുപ്പകാലത്തെ കുറിച്ച് ഏതാനും കാര്യങ്ങൾ ഇന്നത്തെ ഖുത്തുബയിലൂടെ നിങ്ങളോട് പറയുവാൻ ആഗ്രഹിക്കുകയാണ്.

ഇൻഡ്യയിൽ മസീഹ് മൗഊദ്(അ) ജനിക്കുന്ന കാലഘട്ടത്തിൽ സ്കൂളുകളോ, കോളേജുക ളോ, ഉണ്ടായിരുന്നില്ല. മുസ്ലിം ഭവനങ്ങളിലെ വിദ്യാഭ്യാസം വിശുദ്ധ ഖുർആൻ പഠത്തിലൊതുങ്ങി നിന്നിരു ന്നു. കൂടിയാൽ ഉർദുവും പേർഷ്യനും പഠിക്കുവാനുള്ള അവസരം ലഭ്യമായിരുന്നു.

1841 ൽ മസീഹ് മൗഊദ്(അ) ന് ഏകദേശം ആറോ, ഏഴോ, വയസ്സു പ്രായമുള്ളപ്പോൾ തന്റെ പ്രഥമ അധ്യാപകന്റെ പക്കൽ നിന്നുള്ള വിദ്യാഭ്യാസം കരസ്ഥമാക്കി തുടങ്ങി. അദ്ദേഹം മസീഹ് മൗഊദ്(അ) ഖുർ ആനിക വചനങ്ങൾ പഠിപ്പിച്ചു. അതോടൊപ്പം പേർഷ്യൻ ഭാഷയുടെ പ്രാഥമിക പാഠപുസ്തകങ്ങളും, പഠിപ്പിക്കാൻ ആരംഭിച്ചു. അദ്ദേഹത്തിന് പത്തു വയസ്സ് പ്രായമായപ്പോൾ മറ്റൊരു അധ്യാപകന്റെ പക്കൽ നിന്നും പഠനം ആരംഭിച്ചു. അദ്ദേഹത്തിലൂടെ മസീഹ് മൗഊദ് (അ) അറബിക്കിന്റെ പ്രാഥമിക പാഠങ്ങൾ അഭ്യാസിച്ചു. മറ്റു ചില കുട്ടികളും അധ്യാപകരിൽ നിന്നും വിദ്യ നേടാനായി അദ്ദേഹത്തിന്റെ വീട്ടിൽ വരികയുണ്ടായി. ഒര ധ്യാപകനെ കുട്ടികൾ കളിവാക്കുകൾ പറഞ്ഞ് പരിഹസിക്കുമായിരുന്നു. ഹസ്രത്ത് മസീഹ് മൗഊദ്(അ) ഈ കളിയാക്കലിൽ സഹകരിച്ചോ, ഇല്ലയോ, എന്നറിയില്ല. എന്നാൽ അങ്ങനെ ഉണ് ടാകാൻ സാധ്യതയില്ല എന്നും മനസ്സിലാക്കുന്നു. ഗൗരവമായി കാര്യങ്ങൾ കാണുകയും, പഠനത്തോട് അതിയായ താത്പര്യം പുലർത്തുകയും ചെയ്യുന്ന ഒരു കുട്ടിയായിരുന്നു അദേഹം. പഠനം കഴിഞ്ഞാൽ മറ്റു കുട്ടികളെല്ലാം ഒരു മുറിയിലൊത്തു കൂടി രസിച്ചിരിക്കുമായിരുന്നു. സാധാരണയായി അദേഹം പഠനം കഴിഞ്ഞാലുടൻ ക്ലാസിൽ നിന്നും തൊട്ടടുത്ത മുകളിലായുള്ള തന്റെ മുറിയിലേക്കു പോവുകയും, വായനയിൽ മുഴുകുകയും, ചെയ്യുക പതിവായിരുന്നു. അദ്ദേഹത്തിന് ഏകദേശം പതിനേഴ് വയസ് പ്രായമായപ്പോൾ തൊട്ടടുത്ത പട്ടണമായ ''ബട്ടാല'' യിൽ നിന്നുള്ള ഒരധ്യാപകൻ ''ഗുൽ അലിഷാ'' അദ്ദേഹത്തെ പഠിപ്പിക്കാനായി വന്നു. അദ്ദേഹം കുറെ ദിവസങ്ങൾ ഖാദിയാ നിൽ നില്ക്കുകയും അതുകഴിഞ്ഞ് ബട്ടാലയിലേക്ക് പോവുകയും ചെയ്യുമായിരുന്നു. അദ്ദേഹം മസീഹ് മൗഊ ദ്(അ) നെ കൂടുതൽ അറബിക് പഠിപ്പിക്കുകയും, അതോടൊപ്പം തർക്കശാസത്രവും, അല്പം തത്വ ശാസ്ത്രവും അഭ്യസിപ്പിക്കുകയുണ്ടായി.

ഖാദിയാന് പണ്ടു മുതൽ തന്നെ ഒരു സുവർണ്ണ കാലമുണ്ടായിരുന്നു. ഇതിന്റെ പ്രാധാന്യം ഇവിടം ഒരു വലിയ കോട്ടയായിരുന്നു. പക്ഷേ കാലപ്പഴക്കത്തിൽ അത് അപ്രത്യക്ഷമായി. നഗരഭിത്തികൾ ഇന്നും നിലനിൽക്കുന്നു. എന്നാൽ അത് തകർന്നു പൊടിഞ്ഞു പോയിരിക്കുന്നു. വീടുകളുടെ മൂന്നുഭാഗവും തകർന്നടിഞ്ഞ് ആൾ താമസമില്ലതായിരിക്കുന്നു. അവശേഷിക്കുന്ന വീടുകളിൽ 500– ഓളം പേർ താമസിക്കു ന്നുണ്ടായിരുന്നു. അതിൽ അധികം പേരും വാടക കൊടുക്കില്ലായിരുന്നു.വീടുകളുടെ ഉടമസ്ഥർ കുറെ ആളു കൾ അവിടെ താമസിക്കുന്നതിൽ സന്തുഷ്ടരായിരുന്നു. കാരണം അവർ വാടക കൊടുക്കില്ലെങ്കിലും വീടു കൾ സംരക്ഷിക്കുമല്ലോ. പുരോഗതി ആർജ്ജിക്കുന്ന ജില്ലയിലെ പ്രധാനപ്പെട്ട ഒരു സ്ഥലം എന്ന നിലയിൽ ഖാദിയാന് ഒരു പ്രാധാന്യവും ഇല്ലായിരുന്നു.ആ കാലഘട്ടത്തിലെ ഒരു സന്ദർശകൻ വിവരിച്ചത് മിക്കവാറും, ദു:ഖം പൂണ്ട് ഒരവസ്ഥയായിരുന്നു. വളരെ ശോചനീയമായ അവസ്ഥ. കമ്പോളങ്ങൾ പേരിനു മാത്രമായിരു ന്നു. മൂന്നു കടകൾ മാത്രമാണുണ്ടായിരുന്നത്. ഒരാൾ പാലിൽ നിന്നും നിർമ്മിക്കുന്ന മധുരസാധനങ്ങൾ വില്ക്കു ന്നു. വില്ക്കാൻ അദ്ദേഹം പാടുപെടുകയായിരുന്നു. മറ്റൊരാൾ നാടൻ മരുന്നുകൾ വില്ക്കുകയായിരുന്നു. വേറൊരാൾ പലവിധ സാധനങ്ങൾ വിറ്റിരുന്നു. സാധനങ്ങൾ വാങ്ങാൻ പണം ഇല്ലായിരുന്നു. സാധനങ്ങൾക്കു പകരം സാധനങ്ങൾ വാങ്ങുകയും, കൊടുക്കുകയും ചെയ്യുന്ന അവസ്ഥ യായിരുന്നു.

കൊയ്ത്തു കാലം വരുമ്പോൾ നല്കാമെന്ന വ്യവസ്ഥയിൽ ബാർബർ തലമുടി വെട്ടികൊടുക്കുമായിരുന്നു. ധാന്യങ്ങൾ തറയിലിട്ട് കൈകൊണ്ട് ഇടിച്ചു പൊടിച്ച് മാവാക്കിയിരുന്നു. വല്ലപ്പോഴും ലഭ്യമാകുന്ന ഒരിനമായിരുന്നു പാൽ. മാംസം ഭക്ഷണത്തിനു മിക്കവാറും ലഭ്യമല്ലാത്ത മറ്റൊരിനമായിരുന്നു. ജനങ്ങൾ വളരെ ദരിദ്രരായിരുന്നു. കൂടുതൽ പേരും ജോലിയില്ലാത്തവരായിരുന്നു. ജീവിതായോധനത്തിനു നിയമാനുസൃതമായ ഒരു മാർഗ്ഗവും ഇല്ലായിരുന്നു. ആ സമയങ്ങളിൽ ഖാദിയാൻ സന്ദർശിച്ചിരുന്ന അജ്ഞാത സന്ദർശകൻ വിവരിക്കുന്നു. കീറി പറിഞ്ഞ മുഷിഞ്ഞ വസ്ത്രങ്ങളാണ് സ്ത്രീകൾ ധരിച്ചിരുന്നത്.വസ്ത്രങ്ങൾ അനാകർഷകങ്ങളായിരുന്നു. ഖാദിയാന്റെ നിലനിൽപ്പിനു ഭീഷണിയായി നില്ക്കുന്ന കാരണങ്ങളിലൊന്ന് ഭാവിക്ക് ഇപ്പോൾ ഭീഷണി ഉയർത്തുന്നതും, ഈ പ്രദേശം ഒരു താണ പ്രദേശമാണ് എന്നുള്ളതാണ്. കൊതുകുകൾ പെറ്റു പെരുകാനുള്ള ഒരു പ്രദേശമായി മാറിയിരിക്കുന്നു.മലമ്പനി പടർന്നു പിടിക്കുന്ന ഇടം. മഴക്കാലത്ത്, ചില സന്ദർഭങ്ങളിൽ ഒരു ചെറിയ ബോട്ടിൽ നിങ്ങൾക്ക് ഖാദിയാനിലുടനീളം നീന്തിക്കളിക്കാം. സമീപ പ്രദേശങ്ങളിലെ ആളുകൾ നഗ്നരായി ഖാദിയാനു കുറുകെ വേഷപ്രച്ഛന്നരായി തദ്ദേശ വാസികളുടെ വെറുപ്പു വകവയ്ക്കാതെ നീന്തുമായിരുന്നു. ഖാദിയാൻ സന്ദർശകൻ രേഖപ്പെടുത്തുന്നു. ''ശുചിത്വം അല്പ്പവും ദൃശ്യമല്ല, തുറന്ന മലിന ഓവ് ചാലുകൾ എപ്പോഴും നിറഞ്ഞ് ഒഴുകി കൊണ്ടിരുന്നു. ഇടയ്ക്ക് തടസ്സപ്പെടുകയും, അത് കവിഞ്ഞൊഴുകുകയും ചെയ്തിരുന്നു.പകൽ സമയത്തു പോലും തെരുവിലൂടെ കടന്നു പോകുവാൻ പ്രയാസമായിരുന്നു.അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ രാവാകുന്നതിനു മുമ്പു തന്നെ ചെന്നായ്ക്കളും, പുലികളും കുറുക്കന്മാരേയും, മാലിന്യകുമ്പാരങ്ങളിലും മറ്റും കാണാമായിരുന്നു. ചെന്നായ്ക്കൾ വളരെ കൂടുതൽ ഉണ്ടായിരുന്നതിനാൽ, ഒരു കുളത്തിനെ ചെന്നായിക്കുളം എന്ന പേരിൽ അറിയപ്പെട്ടിരുന്നു''.

അതെ, വന്യമൃഗങ്ങൾ വളരെ കൂടുതലായിരുന്നതിനാൽ ധാന്യങ്ങൾ മിക്കതും അവ നശിപ്പിക്കുമായിരുന്നു. ഒരു ചെറിയ ബഹുമതിയിലൂടെ ഖാദിയാൻ പ്രശസ്തമായി. കുറഞ്ഞപക്ഷം പ്രാദേശികമായിട്ടെങ്കിലും, അതായത് വേട്ടപട്ടികളിലൂടെ ഖാദിയാൻ പ്രശസ്തമായി. ഗ്രാമത്തിന്റെ ഒറ്റപ്പെട്ട അവസ്ഥ കള്ളന്മാരേയും അലഞ്ഞു തിരിഞ്ഞു നടക്കുന്നവരേയും, അവിടേയ്ക്ക് ആകർഷിച്ചു. ഫലവൃക്ഷങ്ങൾ ധാരാളം നല്ല നിലയിൽ അവിടെ കൃഷിചെയ്തിരുന്നു.നിബിഡവനങ്ങളും ധാരാളമായി കാണാമായിരുന്നു. രാത്രികാലങ്ങളിൽ വീടുകളിൽ നിന്നും ജനങ്ങൾ ഭയന്ന് പുറത്തു പോകില്ലായിരുന്നു.

ഹസ്രത്ത് മസീഹ് മൗഊദ്(അ) ന് തുടർ പഠനത്തിന് പറ്റിയ വിദ്യാസമ്പന്നരായ ആളുകൾ ഖാദിയാനിൽ ഇല്ലായിരുന്നു.ഹസ്രത്ത് മസീഹ് മൗഊദ് (അ) ന്റെ അധ്യാപകൻ ഗുൽ അലിഷാ ഖാദിയാനിലേക്ക് മൂന്നു മുതൽ അഞ്ചു മണിക്കൂർ വരെ യാത്ര ചെയ്ത് എത്തുന്നത് ബുദ്ധിമുട്ടായതിനാൽ അദ്ദേഹം ഖാദിയാൻ യാത്രയും അവിടത്തെ അധ്യാപക വൃത്തിയും, അവസാനിപ്പിച്ചു. ഈ സാഹചര്യത്തിൽ മസീഹ് മൗഊദ്(അ) ന്റെ പിതാവ് തന്റെ ഇളയ മകൻ ബട്ടാലയിൽ താമസിച്ച് പഠനം ഗുൽ അലിഷായുടെ കീഴിൽ തുടരട്ടെ എന്നും തീരുമാനിച്ചു. ഈ പഠനങ്ങൾ ദുർഭരമായിരുന്നില്ല. ഈ അധ്യാപകർ വളരെ വലിയ വിജ്ഞാനികളൊന്നുമായിരുന്നില്ല. വിദ്യാഭ്യാസത്തിനും പാണ്ഡിത്യത്തിനും കിഴിവ് അനുവദിച്ചിരുന്നു. പേർഷ്യഭാഷയിലെ കുറെ പുസ്തകങ്ങൾ അല്ലെങ്കിൽ അറബിക് ഭാഷയിലെ ഏതാനും പുസ്തകങ്ങൾ വായിക്കാൻ കഴിയുന്ന വരെ പഠിച്ച ആളായി (അധ്യാപകൻ) കരുതിയിരുന്നു. അംഗീകരിച്ചിരുന്നു.

വാഗ്ദത്ത മസീഹ്(അ)ന് ലഭിച്ച വൈജ്ഞാനിക നിപുണത, പേർഷ്യൻ ഭാഷയിലും, അറബിക് ഭാഷയിലുംവായിക്കുവാനുള്ള കഴിവാണ്.ആ കഴിവ് തന്റെ അധ്യാപകന്റെ മുമ്പിൽ പ്രകടിപ്പിക്കുവാനുള്ള അവസരവും ലഭ്യമായിരുന്നു. വിദ്യാഭ്യാസത്തിലൂടെ അതിലപ്പുറമൊന്നുമില്ലായിരുന്നു.മതപരമായ അറിവ് തന്റെ അധ്യാപകരിലൂടെ ലഭ്യമായതു വളരെ പരിമിതമായിരുന്നു.

ഗുൽ അലിഷായോടൊപ്പം ബട്ടാലയിൽ പഠനം തുടർന്ന കുട്ടികളിൽ മുഹമ്മദ് ഹുസൈൻ എന്നു പേരുള്ള ഒരു കുട്ടിയും ഉണ്ടായിരുന്നു. ബട്ടാലയിൽ അദ്ദേഹത്തിന്റെ കുടുംബക്കാർ താമസിച്ചിരുന്നു. ആയതിനാൽ അദ്ദേഹം ബട്ടാലക്കാരനാണെന്നും മറ്റും ജനസംസാരമുണ്ടായിരുന്നു. മുഹമ്മദ് ഹുസൈന്റെ മാത്രമല്ല മസീഹ് മൗഊദിന്റെയും കുടുംബം അവിടവുമായി ബന്ധമുണ്ടായിരുന്നു. മുഹമ്മദ് ഹുസൈൻ പഠനത്തിൽ താത്പര്യമുള്ള ഒരു കുട്ടിയായിരുന്നു. ബുദ്ധിമാനുമായിരുന്നു. ഏതു സ്ഥിതിവിശേഷത്തെയും നേരിടുവാനുള്ള കഴിവുള്ളവനുമായിരുന്നു. അവർ പരസ്പരം ബുദ്ധിപരമായ കഴിവിൽ സന്തോഷിച്ചിരുന്നു. അങ്ങനെ അവർ കൂട്ടുകാരായിത്തീർന്നു. അതോടൊപ്പം ഒരു ലാലാബീംസെൻ എന്നു പേരുള്ള ഒരു ഹിന്ദു കുട്ടിയും ഉണ്ടായിരുന്നു. ഹസ്രത്ത് മസീഹ് മൗഊദ്(അ) ന് പ്രത്യേക പരിഗണനയുള്ള ഒരു ജീവിതം നയിക്കുവാൻ സാധിച്ചു. ആറോ, ഏഴോ, വയസ്സു പ്രായമാകുമ്പോൾ മിക്കവാറും കുട്ടികൾ ആടുകളെ മേയ്ക്കുന്നതിലും മറ്റും വ്യാപൃതരായിരുന്നു. അവരുടെ രക്ഷകർത്താക്കൾക്ക് വിദ്യാഭ്യാസത്തെക്കു റിച്ച് പ്രത്യേക ധാരണ ഒന്നും തന്നെയുണ്ടായിരുന്നില്ല. അഥവാ ഉണ്ടെങ്കിൽ തന്നെയും അതിനുള്ള ജീവിതസാഹചര്യം ലഭ്യമായിരുന്നില്ല.

ഹസ്രത്ത് മസീഹ് മൗഊദ്(അ) ന്റെ പിതാവ് പാരമ്പര്യ പ്രകാരം ഖാദിയാന്റെ നേതാവായിരുന്നു. അദ്ദേഹം പരിശീലനം സിദ്ധിച്ച ഒരു പട്ടാളക്കാരനായിരുന്നു. അദ്ദേഹം കല്പ്പന പുറപ്പെടുവിക്കുകയും ജനങ്ങൾ അത് അനുസരിക്കുകയും ചെയ്തിരുന്നു. ജനങ്ങൾ അദ്ദേഹത്തെ ഭയന്നിരുന്നു. തന്റെ നിലയിലുള്ള ആളുകളോടും, മാത്രമല്ലാ േബ്രിട്ടീഷ് ഭരണാധികാരികളോടും, അദ്ദേഹം മുൻകോപത്തോടെയാണ് വർത്തിച്ചിരുന്നത്. ഒരു ബ്രിട്ടീഷ് ഉദ്യോഗസ്ഥനുമായുള്ള കൂടിക്കാഴ്ചയിൽ, ബ്രിട്ടീഷ് ഉദ്യോഗസ്ഥർ ഖാദിയാൻ എത്ര ദൂരത്താണ് എന്ന് ആരാഞ്ഞു. ഈ ചോദ്യം പെട്ടെന്നൊരു തെറ്റിദ്ധാരണയ്ക്കിടയാക്കി. ബ്രിട്ടീഷ് ഉദ്യോഗസ്ഥനെ സംബന്ധിച്ചിടത്തോളം, ഈ ചോദ്യം ബഹുമാനത്തോടെയും, പൊതുവിൽ നിരുപദ്രവകരമായതും ആയിരുന്നു. സംഭാഷണം ആരംഭിക്കുന്നതിനുള്ള ഒരു രീതി മാത്രമായിരുന്നു. എന്നാൽ മിർസാ ഗുലാം മുർതള അങ്ങനെയല്ല ആ ചോദ്യത്തെ കണ്ടത്. അദ്ദേഹം പെട്ടെന്ന് കോപാകുലനായി ഉദ്യോഗസ്ഥനോട് പറഞ്ഞു സ്ഥലങ്ങൾ എത്രദൂരത്താണ് സ്ഥിതിചെയ്യുന്നത് എന്നറിയണമെങ്കിൽ നിങ്ങൾ നിങ്ങളുടെ ഭൃത്യനോട് ചോദിക്കുക. അതിലൂടെ അദ്ദേഹം തറപ്പിച്ച് വ്യക്തമാക്കിയത് ''ഞാൻ നിങ്ങളുടെ ഭൃത്യനല്ല'' എന്നാണ്.

ബ്രിട്ടീഷ് ഉദ്യോഗസ്ഥൻ വിഷണ്ണനായി എങ്ങനെയാണ് പ്രതികരിക്കേണ്ടതെന്നറിയാതെ പരുങ്ങി. എന്നാൽ അദ്ദേഹം മാപ്പ് ചോദിച്ച് തുടർന്ന് സംഭാഷണം ആരംഭിച്ചു. മിർസാഗുലാം മുർതളയ്ക്ക് തന്റെ പ്രതാപത്തിൽ തന്റേതായ കാഴ്ചപ്പാടുണ്ടായിരുന്നു. എന്തിലും അദ്ദേഹത്തിന്റെ പരുഷമായ ബാഹ്യപ്രകടനത്തിനുള്ളിൽ ആർദ്രമായ ഒരു ഹൃദയമുണ്ടായിരുന്നു. അദ്ദേഹം മരുന്നുകളെക്കുറിച്ച് പഠിച്ചു. ആ പ്രദേശത്ത് ഡോക്ടർമാർ ഇല്ലായിരുന്നു. പരിസര ജില്ലയിലുള്ള ജനങ്ങൾക്കെല്ലാം അദേഹം ശുശ്രൂഷ നല്കിയിരുന്നു. താൻ ചെയ്യുന്ന ഈ സേവനത്തിന് ഒരിക്കലും ഒരു ഫീസും, ഈടാക്കിയിരുന്നില്ല.

''എന്റെ പിതാവ് പ്രഗത്ഭനായ ഒരു ഡോക്ടറായിരുന്നു. ഞാൻ അദ്ദേഹത്തിൽ നിന്നും മെഡിസിന്റെ ചില പുസ്തകങ്ങൾ അഭ്യസിച്ചു''. മസീഹ് മൗഊദ്(അ) പിന്നീട് എഴുതുകയുണ്ടായി.അദ്ദേഹത്തിന്റെ ഈ കഴിവിലുള്ള വിശ്വാസം മസീഹ് മൗഊദി(അ) ൽ മാത്രം പരിമിതമല്ലായിരുന്നു. ബട്ടാലയിലെ രാജാവിന് സുഖമില്ലാതായപ്പോൾ മിർസാഗുലാം മുർതളായെ വിവരമറിയിക്കുകയുണ്ടായി.അങ്ങനെ രാജാവ് രോഗവിമുതക്തനായപ്പോൾ രാജാവ് അദ്ദേഹത്തിന് രണ്ടു ഗ്രാമങ്ങളുടെ വാടക അദ്ദേഹത്തിന്റെ സേവന പ്രതിഫലമായി വാഗ്ദാനം ചെയ്തു. എന്നാൽ മിർസാ ഗുലാം മുർതള അത് നിരസിച്ചു. ചികിത്സയ്ക്കായി ഒരിക്കലും, ആരിൽ നിന്നും ഒരു പ്രതിഫലവും വാങ്ങില്ല എന്ന തീരുമാനത്തിലായിരുന്നു. വാഗ്ദാനം ചെയ്ത രണ്ടു ഗ്രാമങ്ങൾ അദ്ദേഹത്തിന്റെ മുൻഗാമികളുടെ വസ്തുകകകളായിരുന്നു. ആ നിലയിൽ അദേഹം അതു സ്വീകരിക്കുവാൻ തയ്യാറായി. നിയമാനുസൃതം തനിക്കവകാശപ്പെട്ട മുൻഗാമികളുടെ സ്ഥലമാണെന്ന സ്ഥിരീകരണത്തെ തുടർന്ന്, അതൊരു ബഹുമതിയായി കണക്കാക്കി, തന്റെ മുൻഗാമികളിൽ നിന്ന് വന്ന സ്വത്തെന്ന നിലയിൽ സ്വീകരിക്കുകയുണ്ടായി.

മസീഹ് മൗഊദ്(അ) ന് കുതിരസവാരിയും നീന്തലും വശമുണ്ടായിരുന്നു. മുങ്ങിച്ചാവുമായിരുന്ന വൃദ്ധനായ ഒരു മനുഷ്യനെ ഒരിക്കൽ മസീഹ് മൗഊദ്(അ) രക്ഷിക്കുകയുണ്ടായി. കളികളിലും വിനോദങ്ങളിലും വളരെ അപൂർവ്വമായി മാത്രമേ പങ്കെടുത്തിട്ടുള്ളൂ. കളിസംബന്ധമായുണ്ടാകുന്ന തർക്കങ്ങൾ തീർക്കുന്ന മദ്ധ്യസ്ഥനായി നില്ക്കുവാൻ തന്റെ കളിക്കൂട്ടുകാർ മിക്കവാറും ആവശ്യപ്പെടാറുണ്ടായിരുന്നു. മിക്കവാറും ചെറുപ്പക്കാർ ഭൗതികസുഖ സംബന്ധിയായ തൊഴിൽ നേടിയിരുന്നു. വേലികെട്ടൽ അക്കാലത്ത് ഒരു സമയം പോക്ക് പ്രവർത്തിയായി കരുതിയിരുന്നു. മിർസാ കുടുംബത്തിലെ ഓരോ അംഗവും, കത്തിപ്രയോഗത്തെ സംബന്ധിച്ച് അറിവ് നേടൽ ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരു കലയായി കരുതിയിരുന്നു. അതുപോലെ അമ്പും വില്ലും പ്രയോഗിക്കലും, തോക്കുപയോഗിച്ച് വെടിവയ്ക്കലും, എന്നാൽ ഹസ്രത്ത് മസീഹ് മൗഊദ്(അ)ഒരിക്കലും യുദ്ധവൈദഗ്ദ്ധ്യമുള്ള ഈ കളിയിൽ പങ്കെടുത്തിരുന്നില്ല. തന്റെ ഭാവി ജീവിതം രൂപപ്പെട്ടു കഴിഞ്ഞിരുന്നു. എന്നാൽ കുടുംബജീവിതം ശരിയാക്കുകയും തന്റെ കുടുംബസ്വത്തുക്കൾ സംരക്ഷിക്കുകയും ചെയ്യുക എന്നതായിരുന്നു കുടുംബത്തിലെ പ്രധാന സംഭാഷണ വിഷയം.

ഏതാണ്ടിക്കാലത്ത് പുസ്തകങ്ങൾ വായിക്കുന്നതിൽ അതിയായ താത്പര്യം ഉണ്ടായി. ആയതിനാൽ മറ്റെന്തിനും അതിൽകുറച്ചു പ്രാധാന്യമേ നല്കിയുള്ളൂ. ഹസ്രത്ത് മസീഹ് മൗഊദ്(അ) പിന്നീട് എഴുതുകയുണ്ടായി. എന്റെ പിതാവ് എന്നെ ആവർത്തിച്ച് ഉപദേശിച്ചു കൊണ്ടിരുന്നു. പുസ്തക പാരായണം കുറയ്ക്കാൻ എന്റെ വർദ്ധിത പുസ്തക പാരായണം എന്റെ ആരോഗ്യത്തെ തകർത്തു കളയുമെന്ന് അദ്ദേഹം ഭയപ്പെട്ടിരുന്നു. പുസ്തകങ്ങൾ മാറ്റിവച്ചിട്ട് അദ്ദേഹത്തിന്റെ കാര്യങ്ങളിൽ സഹായിക്കണമെന്നും മുമ്പേ അകപ്പെട്ടിരുന്ന അദ്ദേഹത്തിന്റെ പ്രശ്നങ്ങളിൽ ഇടപെടണമെന്നും അദ്ദേഹംആഗ്രഹി ച്ചിരുന്നു.

ഹസ്രത്ത് മസീഹ് മൗഊദ്(അ) തികച്ചും വ്യത്യസ്തമായ ഒരു ജീവിതത്തിലാണ് താത്പര്യം കാട്ടിയത്. അദ്ദേഹം ഓർമ്മിക്കുന്നു. അദ്ദേഹം തികച്ചും ചെറുപ്പമായിരുന്നപ്പോൾ, തന്റെ രക്ഷിതാവിലേക്ക് അതിശക്തമായ നിലയിൽ ആകർഷിക്കപ്പെടുകയും, പ്രകാശഭൂരിതമായ ഭാവിയുടെ മങ്ങിയ ഒരു ചിന്ത എന്നിൽ ഉദയം ചെയ്യുന്നതായും, ദൈവം എന്നെ അവന്റെ ഒരു വലിയ പദ്ധതി നടപ്പിലാക്കാനായി എന്നെ ഒരുപകരണമായി ഉപയോഗിക്കുമെന്നുമുള്ള ചിന്ത (രൂപപ്പെട്ടിരുന്നു). ''പൊടിയിൽ മറഞ്ഞുകിടക്കുന്ന ഒരു സ്വർണ്ണം പോലെയാണ് ഞാൻ. ഭാവിയിൽ ഒരു സമയത്ത് അതിന്റെ പ്രഭാപൂരം പ്രദർശിപ്പിക്കപ്പെടുക തന്നെ ചെയ്യും''.

മാതൃസഹോദരന്റെ പുത്രി ഹുർമത്തു ബീവി കുട്ടി ആയിരിക്കുമ്പോൾ മുതൽ തന്നെ കണ്ടിരുന്നു. കൊച്ചുകുട്ടികളായിരിക്കുമ്പോൾ തന്നെ പ്രാർത്ഥിക്കുവാൻ പറയുമായിരുന്നു.അങ്ങനെ പ്രാർത്ഥിക്കുവാനുള്ള വിഷയം ആയപ്പോൾ ഹസ്രത്ത് മസീഹ് മൗഊദ്(അ) അവരോട് പറഞ്ഞു. ''പ്രാർത്ഥിക്കുക, പ്രാർത്ഥനയുടെ അനുഗ്രഹം എനിക്ക് നല്കപ്പെടും''.

അദ്ദേഹത്തിന് 17 വയസ്സ് പ്രായമുള്ളപ്പോൾ ഹുർമത്ത് ബീവിയുമായുള്ള വിവാഹം നടന്നു. മാതാപിതാക്കൾ ആലോചിച്ച് നടത്തിയ വിവാഹമായിരുന്നു. കുട്ടിക്കാലം മുതലെ കാണുമായിരുന്നെങ്കിലും, അതൊരു സ്നേഹവിവാഹം ആയിരുന്നില്ല. എന്നു സാരം. അവർക്ക് രണ്ടു കുട്ടികൾ ജനിച്ചു. സുൽത്താൻ അഹ്മദും, ഫസൽ അഹ്മദും. ആദ്യത്തെ നാലുവർഷങ്ങൾക്കിടയിലാണ് അവർ ഇരുവരും ജനിച്ചത്. അതേ തുടർന്ന് അവരുടെ വൈവാഹിക ജീവിതപ്രകാശത്തിന് മങ്ങലേറ്റു. ഒടുവിൽ വിവാഹമോചിതരായി. ഹുർമത്ത് ബീവിയും, അവരുടെ രണ്ടു മക്കളും മസീഹ് മൗഊദ്(അ)ന്റെ സഹോദരന്റെ കുടുംബത്തിലേക്ക് പോയി.അദ്ദേഹത്തിന്റെ ഏകമകൻ കുട്ടിയായിരുക്കുമ്പോഴേ മരണപ്പെടുകയുണ്ടായി.

മസീഹ് മൗഊദ്(അ) തന്റെ വിവാഹത്തിനു മുൻപ് താമസിച്ചിരുന്ന മുറിയിലേക്ക് മടങ്ങി പോയി. തന്റെ മുറിയിൽ നിന്നും ഖുർ ആൻ പാരായണം കേൾക്കുന്നില്ലെങ്കിൽ തന്റെ കുടുംബക്കാർക്കറിയാം, അദ്ദേഹം എവിടെയായിരിക്കുമെന്ന്, അദ്ദേഹം പള്ളിയിലായിരിക്കും.അതെ, തന്റെ പിതാവിന്റെ സുഹൃത്തുക്കളിൽ ഒരാൾ ഒരുദിവസം ചോദിക്കുകയുണ്ടായി. നിങ്ങൾ പറഞ്ഞിട്ടുണ്ടല്ലോ, നിങ്ങൾക്ക് രണ്ട് ആൺമക്കളുണ്ടെന്ന്. എന്നാൽ ഞാൻ ഒരാളെ മാത്രമേ ഇതുവരെയും, കണ്ടിട്ടുള്ളൂ. നിങ്ങളുടെ മറ്റേ പുത്രൻ എവിടെയാണ്.? മസീഹ് മൗഊദ്(അ) നെ വിളിച്ചു കൊണ്ടു വരുവാൻ പറഞ്ഞു. അദ്ദേഹം ഓർക്കുന്നു.സംസാരിക്കുമ്പോൾ ലജ്ജാശീലനായ, ആത്മവിശ്വാസമില്ലാത്ത, നമ്രശിരസ്കനായ, ഏകാക്ഷരപദത്തിൽ മറുപടി പറയുന്ന-യുവാവിനെ.

സമയപരിമിതി മൂലം ഞാനെന്റെ പ്രസംഗം ഇവിടെ നിർത്തുന്നു. അടുത്ത വെള്ളിയാഴ്ച എന്റെ റബ്ബ് മസീഹ് മൗഊദ്(അ) ന്റെ ജീവിതത്തെപറ്റിയുള്ള പ്രസംഗം തുടരുവാനുള്ള തൗഫീഖ് എനിക്ക് ചെയ്യുമെന്നു കരുതുന്നു. ഇൻഷാ അല്ലാഹ്. ആമീൻ.

*Translated & Issued by:* *R. Jamaludin Raother, Amir*
*Jamaat Ul Sahih Al Islam Kerala*
*Email: jamal.raother@gmail.com*
*Website: http://www.jamaat-ul-sahih-al-islam.com*